(ബി) ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് എണ്ണൂറ് രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് അറുന്നൂറ് രൂപയും സംസ്ഥാനതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ആയിരം രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് എണ്ണൂറ് രൂപയും പ്രോത്സാഹന അവാർഡ് നൽകിവരുന്നു.

(സി) മേൽപ്പറഞ്ഞ അവാർഡുകൾക്ക് അർഹരായവർ മത്സരങ്ങളിൽ കരസ്ഥമാക്കിയ സ്ഥാന സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

(ഡി) 2005 മുതൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്ല്യന്റ് സ്റ്റുഡന്റ് എന്ന ശീർഷകത്തിൽ നിന്നുമാണ് പദ്ധതി നടത്തിപ്പിനാവശ്യമായ തുക കണ്ടെത്തുന്നത്.

അട്ടപ്പാടി പാക്കേജ്

265 (4256) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 200 കോടി രൂപയുടെ അട്ടപ്പാടി പാക്കേജ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കുന്നത് ;

(ബി) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതികൾക്കും നീക്കിവെച്ച തുക എത്രയെന്നും ഉണ്ടായ ചെലവ് എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഭൗതിക നേട്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേനയാണ് നടപ്പാക്കിവരുന്നത്. പ്രധാനമായും പരമ്പരാഗത കൃഷി, സ്ത്രീ ശാക്തീകരണ പദ്ധതികൾ, പോഷകാഹാര വിതരണം, പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ മേഖലകളിലാണ് ടി പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) അട്ടപ്പാടിയിൽ പ്രത്യേകമായി നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെയും നീക്കിവച്ച തുകയുടെയും ചെലവിന്റെയും വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

1. അനുബന്ധം - 2 ആയി* ചേർത്തിരിക്കുന്നു.
2. 101 കമ്മ്യൂണിറ്റി കിച്ചനുകൾ
3. 170 ടൈബൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ പട്ടികവർഗ്ഗ സ്ത്രീകളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു. 130 ടൈബൽ ആനിമേറ്റേഴ്സിനും മൂന്ന് കോ-ഓർഡിനേറ്റർമാർക്കും ഒരു അക്കൗണ്ടന്റിനും ഏഴ് വർഷത്തേക്ക് തൊഴിൽ ഉറപ്പ് വരുത്തി. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം നടത്തി വരുന്നു.

അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാരസമരം

266 (4257) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാര സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരാഹാരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ ആരംഭിച്ചു, നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതിനുശേഷം അട്ടപ്പാടി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് യോഗം ചേർന്നത് എന്നും ഏതെല്ലാം ഉദ്യോഗസ്ഥൻ പങ്കെടുത്തുവെന്നും അറിയിക്കുമോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) സർക്കാർ തീരുമാനപ്രകാരം അട്ടപ്പാടി ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് എപ്പോഴാണ് നൽകിയത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജനകീയ സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly